നമ്പർ : ICPS 2/9269/2017

സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 07/02/2018

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ് :- വിവിധ ജില്ലകളിലെ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളെ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിങ്ങനെ പുനർനിർണ്ണയം ചെയ്ത സർക്കാർ ഉത്തരവ് - സംബന്ധിച്ച്

സൂചന : 25/08/2017-ലെ സ.ഉ. (സാധാ) നം. 564/2017/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് ആയും, കാസർഗോഡ് പ്രവർത്തിക്കുന്ന ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം ഒബ്സർവേഷൻ ഹോം ഫോർ ബോയ്സ് ആയി പുനർനിർണ്ണയിച്ചു കൊണ്ടും മേൽസൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് അടിയന്തിരമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ അതാത് ജില്ലകളിലെ സ്ഥാപന സൂപ്രണ്ട്, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കാസർഗോഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത തരത്തിൽ കുട്ടികളെ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോമിലേയ്ക്ക് മാറ്റുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്

(ഒപ്പ്)
വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന മേധാവികൾക്കും

പകർപ്പ്
1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
3. ഐ.സി.പി.എസ്-8
4. സ്റ്റോക്ക് ഫയൽ

ഉള്ളടക്കം : സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ്

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.പി.എസ് - വിവിധ ജില്ലകളിലെ ഒബ്സർവേഷൻ ആന്റ്സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളെ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിങ്ങനെ പുനർനിർണ്ണയം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ഇ) വകുപ്പ്**

സ.ഉ (സാധാ) നം. 564/ 2017/ സാനീവ — തിരുവനന്തപുരം, തീയതി 25/08/2017

---

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 24/03/2017-ലെ ICPS-2/9269/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം എന്ന പേരിൽ ഒബ്സർവേഷൻ ഹോമും ചിൽഡ്രൻസ് ഹോമും ഒരേ സ്ഥാപനത്തിൽ തന്നെ പ്രവർത്തിച്ചു വരികയാണ്. എന്നാൽ ഇവ രണ്ടും ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ജുവനൈൽ ജസ്റ്റിസ് ആക്ടിനും റൂൾസിനും വിരുദ്ധമായതിനാലും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെയും ഒരേ കെട്ടിടത്തിൽ പാർപ്പിക്കാൻ പാടില്ലാത്തതിനാലും ടി സ്ഥാപനങ്ങളെ എത്രയും വേഗം ചിൽഡ്രൻസ് ഹോമുകളോ ഒബ്സർവേഷൻ ഹോമുകളോ മാത്രമായി പുനർനിർണ്ണയിക്കണമെന്ന് കേരളാ ഹൈക്കോടതിയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും നിർദ്ദേശിച്ചിരുന്നു.

സംസ്ഥാനത്തെ ഒബ്സർവേഷൻ ഹോമുകളിൽ എത്തുന്ന കുട്ടികളുടെ എണ്ണം തീരെ കുറവാണെന്നും എന്നാൽ എല്ലാ ജില്ലകളിലും ചിൽഡ്രൻസ് ഹോമുകൾ അനിവാര്യമാണെന്നും ജെ.ജെ.ആക്ട്, മോഡൽ റൂൾസ് എന്നിവ പ്രകാരം രണ്ടോ അതിലധികമോ ജില്ലകൾക്ക് ഒരു ഒബ്സർവേഷൻ ഹോം ആയാലും മതി എന്ന വ്യവസ്ഥ നിലവിലുണ്ടെന്നും അതിനാൽ സംസ്ഥാനത്ത് 2 ജില്ലകൾക്ക് ഒരു ഒബ്സർവേഷൻ ഹോം എന്ന രീതി പ്രാവർത്തികമാക്കുന്നത് ഉചിതമാണെന്നും ആയതിനാൽ ടി ജില്ലകളിലെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ താഴെപ്പറയും പ്രകാരം പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശത്തിലെ കത്തുപ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

| നിലവിലെ സ്ഥാപനത്തിന്റെ പേര് | പുനർനാമകരണം ചെയ്യുന്നത് |
|---|---|
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട | ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട് | ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് |

| | |
|---|---|
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തവനൂർ, മലപ്പുറം | ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി, കണ്ണൂർ | ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി, കണ്ണൂർ |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കണിയാമ്പറ്റ, വയനാട് | ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പരവനടുക്കം, കാസർഗോഡ് | ഒബ്സർവേഷൻ ഹോം ഫോർ ബോയ്സ്,പരവനടുക്കം, കാസർഗോഡ് |

മേൽപ്പറഞ്ഞ രീതിയിൽ ടി സ്ഥാപനങ്ങളെ മാറ്റുമ്പോൾ ഒബ്സർവേഷൻ ഹോം വിഭാഗത്തിൽ പ്രവേശിപ്പിക്കേണ്ട നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് ചുവടെ കാണിച്ചിരിക്കുന്ന പ്രകാരം സമീപ ജില്ലയിലെ ഒബ്സർവേഷൻ ഹോമിൽ പ്രവേശനം നൽകാവുന്നതാണെന്നും ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

| നിലവിലെ സ്ഥാപനത്തിന്റെ പേര് | ജില്ലയിലെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ പ്രവേശിപ്പിക്കേണ്ട സ്ഥാപനം |
|---|---|
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട | കോട്ടയം, കൊല്ലം ഒബ്സർവേഷൻ ഹോമുകൾ |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട് | തൃശ്ശൂർ ഒബ്സർവേഷൻ ഹോം. |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തവനൂർ, മലപ്പുറം | കോഴിക്കോട് ഒബ്സർവേഷൻ ഹോം |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി, കണ്ണൂർ | കോഴിക്കോട്, കണ്ണൂർ ഒബ്സർവേഷൻ ഹോമുകൾ |
| ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കണിയാമ്പറ്റ, വയനാട് | കോഴിക്കോട് ഒബ്സർവേഷൻ ഹോം |

മേൽനടപടികൾക്ക് അനുസൃതമായി, കാസർഗോഡ് ജില്ലയിലെ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ണൂർ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തിലേയ്ക്ക് മാറ്റാവുന്നതാണെന്നും പരാമർശത്തിലെ കത്ത് പ്രകാരം ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ ഒബ്സർവേഷൻ ആൻറ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളുടെ പ്രവർത്തനങ്ങളിലെ ബുദ്ധിമുട്ടുകളും നിയമപ്രകാരം ആയവ ഒബ്സർവേഷൻ ഹോം, ചിൽഡ്രൻസ് ഹോം എന്നിവയായി പ്രവർത്തിക്കേണ്ട ആവശ്യകതയും അതുവഴി ടി സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാകും എന്ന വസ്തുതയും കണക്കിലെടുത്ത് മുകളിൽ ഇടത് വശത്ത്

പേര് സൂചിപ്പിച്ചിരിക്കുന്ന ഹോമുകളെ യഥാക്രമം വലത് വശത്ത് കാണിച്ചിരിക്കുന്ന ഹോമുകളായി പുനർനിർണ്ണയിച്ചു കൊണ്ടും കാസർഗോഡ് ജില്ലയിലെ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ കണ്ണൂർ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തിലേയ്ക്ക് മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**അനിൽകുമാർ.വി.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ